ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-12-2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. 93-ാമത് ശിവഗിരി തീർത്ഥാടനം ഉപരാഷ്ട്രപതി നാളെ ഉദ്ഘാടനം ചെയ്യും.

   **Vice President C.P. Radhakrishnan will arrive in Kerala today for a two-day visit. The Vice President will inaugurate the 93rd Sivagiri pilgrimage tomorrow.**

2. ഇന്ത്യയെ ആഗോള സേവനദാതാക്കളാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ സംസ്ഥാനങ്ങളോട് നിർദേശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has asked states to prioritize activities to make India a global services giant.**

3. അരാവലി മലനിരകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്വമേധയാ ഏടുത്ത കേസിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും.

   **The Supreme Court's crucial suo motu hearing on issues relating to the definition of the Aravalli Hills will be held today.**

4. വന്ദേഭാരത് എ.സി ക്ലാസ് യാത്രക്കാർക്കായി സ്ലീപ്പർ സംവിധാനം ഉടൻ ആരംഭിക്കുമെന്ന് ഇന്ത്യൻ റെയിൽവേ.

   **All set to operationalise first Vande Bharat Sleeper for AC class travellers, says Indian Railways.**

5. റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കാനുള്ള സമാധാന പദ്ധതി ചർച്ച ചെയ്യാൻ യുക്രേനിയൻ പ്രസിഡന്റ്

വോളോഡിമർ സെലെൻസ്കി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി.

**Ukrain President Volodymyr Zelensky met US President Donald Trump to discuss a peace plan to end the war with Russia.**

6. തിരുവനന്തപുരത്ത് നടന്ന വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ, ശ്രീലങ്കയ്ക്കെതിരെ ഇന്ത്യക്ക് 30 റൺസ് വിജയം.

**India won by 30 runs against Sri Lanka in the fourth match of the Women's T20 cricket series held in Thiruvananthapuram.**

**&&&&&&&&&&&&&&&**

## PRESIDENT

മൂന്നു ദിവസത്തെ ഝാർഖണ്ഡ് സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ റാഞ്ചിയിൽ എത്തി. സന്താലി ഭാഷയിലെ ഓൾചിക്കി ലിപിയുടെ നൂറാം വാർഷിക ആഘോഷ പരിപാടികളിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. ജംഷഡ്പൂർ എൻ.ഐ.ടി യുടെ പതിനഞ്ചാമത് ബിരുദദാന ചടങ്ങിനെയും രാഷ്ട്രപതി അഭിസംബോധന ചെയ്യും.

**&&&&&&&&&&&&&&&**

## VICE PRESIDENT –TVM (INTRO)

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്നു വൈകിട്ടു കേരളത്തിലെത്തും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയിസ്)

**&&&&&&&&&&&&&&&**

## VICE PRESIDENT –TRAFFIC

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്ന് ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 8.30 വരെയും നാളെ രാവിലെ 6 മുതൽ ഉച്ചയ്ക്ക് രണ്ട് വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്ന് വൈകുന്നേരം 6 മുതൽ രാത്രി 8 വരെ കനകക്കുന്ന് കോമ്പൗണ്ടിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കില്ല.

**&&&&&&&&&&&&&&&**

## PUDUCHERRY–VP VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഏകദിന സന്ദർശനത്തിനായി ഇന്ന് പുതുച്ചേരിയിൽ എത്തും. സ്മാർട്ട് സിറ്റി മിഷന്റെ കീഴിലുള്ള ഭവന പദ്ധതിക്ക് തുടക്കം കുറിക്കുന്ന ഉപരാഷ്ട്രപതി കമ്പൻ കലൈയരംഗത്ത് അഞ്ച് വീടുകളുടെ താക്കോൽ ദാനം നിർവഹിക്കും. തുടർന്ന് ഭാരതീയാർ സ്മാരകത്തിൽ മഹാകവി സുബ്രഹ്മണ്യ ഭാരതീയാരുടെ പ്രതിമ അദ്ദേഹം അനാച്ഛാദനം ചെയ്യും.

ഉച്ചകഴിഞ്ഞ്, കാലാപേട്ടിൽ പോണ്ടിച്ചേരി സർവകലാശാലയുടെ 30-ാമത് ബിരുദദാന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചശേഷം തിരുവനന്തപുരത്തേക്ക് പുറപ്പെടും.

**&&&&&&&&&&&&&&&**

## PM CHIEF SECRETARIES

ഉൽപ്പാദനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കാനും, ഇന്ത്യയെ ആഗോള സേവനദാതാക്കളാക്കി ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ പ്രധാനമന്ത്രി നരേന്ദ്ര

മോദി സംസ്ഥാനങ്ങളോട് നിർദേശിച്ചു. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യ ഉടൻ തന്നെ ദേശീയ ഉൽപ്പാദന മിഷൻആരംഭിക്കുമെന്നും, വിദേശ കമ്പനികളെ ആകർഷിക്കുന്നതിനു വേണ്ട നടപടികൾക്ക് എല്ലാ സംസ്ഥാനങ്ങളും മുൻതൂക്കം നൽകണമെന്നും അദ്ദേഹം പറഞ്ഞു. യുവജനങ്ങളുടെ പ്രയത്നം രാജ്യത്തിന് എക്കാലവും മുതൽക്കൂട്ടാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

## SC ARAVALLI

അരാവലി മലനിരകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും. പാരിസ്ഥിതികമായി ദുർബലമായ മേഖലയുടെ സംരക്ഷണത്തെക്കുറിച്ചുള്ള ആശങ്കകളായിരിക്കും ഇന്ന് കോടതി കേൾക്കുന്നത്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരി, എ.ജി. മസിഹ് എന്നിവരടങ്ങുന്ന ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. ഡൽഹി മുതൽ ഗുജറാത്ത് വരെയുള്ള പർവതനിരകളെ ഉൾക്കൊള്ളുന്ന അരാവലിയിലുടനീളം നിയന്ത്രണങ്ങൾ ബാധകമാകുമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## YEAR ENDER – DEFENCE SECTOR

2025ൽ ഇന്ത്യയുടെ വികസന യാത്രയിൽ പ്രതിരോധ മേഖലയിൽ വൻ കുതിച്ചുചാട്ടമാണുണ്ടായത്. ഭീകരതയെ ചെറുക്കാൻ ശക്തമായ അഞ്ച് മാനദണ്ഡങ്ങൾ ഇന്ത്യ മുന്നോട്ട് വച്ചു. ഓപ്പറേഷൻ സിന്ദൂരിലൂടെ ഈ ദൃഢനിശ്ചയം പ്രകടമാകുന്നതിനും രാജ്യം സാക്ഷ്യം വഹിച്ചു. ഇന്ത്യയുടെ പ്രതിരോധ ശേഷി

അഭൂതപൂർവമായ വളർച്ചയാണ് കൈവരിച്ചത്. പ്രതിരോധ ഉൽപ്പാദനം ഒരു ലക്ഷത്തി അമ്പത്തിനാലായിരം കോടി രൂപ കവിഞ്ഞു. അതേസമയം 2025-26 സാമ്പത്തിക വർഷത്തേക്കുള്ള പ്രതിരോധ ബജറ്റ് ആറ് ലക്ഷത്തി എൺപത്തിയൊന്നായിരം കോടി രൂപയിലധികമായും ഉയർന്നു.

&&&&&&&&&&&&&&&

## YEAR-END REVIEW

ഇന്ത്യയുടെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് നിർണായകമായ ഘടകങ്ങളാണ് പെട്രോളിയവും പ്രകൃതിവാതകവും. താങ്ങാനാവുന്ന വിലയിൽ ഊർജ ലഭ്യത ഉറപ്പാക്കുന്നതിനും, ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ദേശീയ ഊർജ സുരക്ഷ ശക്തിപ്പെടുത്തുന്നതിനുമായി പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം സമഗ്രമായ സമീപനമാണ് 2025 ൽ പിന്തുടർന്നത്. പ്രധാൻ മന്ത്രി ഉജ്ജ്വല യോജന പ്രകാരം, 2025 ഡിസംബർ 1 വരെ ഗുണഭോക്താക്കളുടെ എണ്ണം ഏകദേശം 10.35 കോടിയിലെത്തി.

&&&&&&&&&&&&&&&

## RAILWAYS - 2025

വന്ദേഭാരത് എ.സി ക്ലാസ് യാത്രക്കാർക്കായി സ്ലീപ്പർ സംവിധാനം ഉടൻ ആരംഭിക്കുമെന്ന് ഇന്ത്യൻ റെയിൽവേ. റെയിൽവേയെ ലോകോത്തര നിലവാരമുള്ള ശൃംഖലയാക്കി മാറ്റാൻ കേന്ദ്രീകൃത ശ്രമങ്ങളും, തദ്ദേശീയവൽക്കരണവും സഹായിക്കുന്നുവെന്ന് മന്ത്രാലയം അറിയിച്ചു. അമൃത് ഭാരത് ട്രെയിനുകൾ വഴി എ.സി ഇതര യാത്രക്കാർക്കും സുഖകരമായ യാത്ര ലഭ്യമാക്കി. രാജ്യത്താകെ

164 വന്ദേഭാരത് ട്രെയിനുകൾ ഓടുന്നുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&

## RAILWAY DEVELOPMENT

എറണാകുളം അടക്കം മൂന്നു പ്രമുഖ റെയിൽവേസ്റ്റേഷനുകളെ വിപുലമായ വികസനത്തിന് തിരഞ്ഞെടുത്ത് ദക്ഷിണ റെയിൽവേ. കോച്ചിംഗ് ടെർമിനലുകളുടെ വിപുലീകരണം, സ്റ്റേഷൻ പുനർ വികസനം തുടങ്ങിയവയാണ് നടപ്പാക്കുന്നത്. എറണാകുളത്തിനു പുറമെ ചെന്നൈ, കോയമ്പത്തൂർ സ്റ്റേഷനുകളാണ് വികസിപ്പിക്കുന്നത്. രാജ്യവ്യാപകമായി കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനാണ് പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&

## AMIT SHAH- ECONOMY (INTRO)

2027 ഓടെ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന് കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ. രാജ്യത്തിന്റെ ജിഡിപി 4.19 ലക്ഷം കോടി ഡോളറിലെത്തിയെന്നും ഉടൻ അഞ്ചുലക്ഷം ഡോളർ സമ്പദ്‌വ്യവസ്ഥയായി മാറുമെന്നും അദ്ദേഹം പറഞ്ഞു. ഗുജറാത്തിലെ അഹമ്മദാബാദിൽ യുവജന ബിസിനസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്ത് ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ സമഗ്രമായ കാഴ്ചപ്പാടോടെയാണ് വികസിപ്പിക്കുന്നതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

&&&&&&&&&&&&&&&

## SIR

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

&&&&&&&&&&&&&&&

## CEC – BHUBANESWAR

തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് ഒഡിഷയിലെ ഭുവനേശ്വറിൽ ബൂത്ത് ലെവൽ ഓഫീസർമാരുമായി സംവദിക്കും. 800 ബിഎൽഒമാർ യോഗത്തിൽ പങ്കെടുക്കും. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ മൂന്നാംഘട്ടത്തിനു മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ മൂന്ന് ദിവസത്തെ സന്ദർശനം ശനിയാഴ്ച ആരംഭിച്ചിരുന്നു.

&&&&&&&&&&&&&&&

## TRUMP–ZELENSKYY MEET

റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കാനുള്ള സമാധാന പദ്ധതി ചർച്ച ചെയ്യാൻ യുക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി. റഷ്യ–യുക്രൈൻ സമാധാന ചർച്ചകളിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും ഇരു രാജ്യങ്ങളും യുദ്ധം അവസാനിപ്പിക്കുന്നതിനെ അനുകൂലിക്കുന്നുവെന്നും യുഎസ് പ്രസിഡന്റ് പറഞ്ഞു. ശാശ്വത സമാധാനം കൈവരിക്കുന്നതിനു

സുരക്ഷാ വാഗ്ദാനങ്ങൾ പ്രധാനമാണെന്ന് യുക്രൈൻ പ്രസിഡന്റ് പ്രതികരിച്ചു.

&&&&&&&&&&&&&&&

## BANGLADESH – HUMAN RIGHTS

ബംഗ്ലാദേശിൽ ഈവർഷം ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഹിന്ദു ന്യൂനപക്ഷങ്ങൾക്കെതിരെ 71 അതിക്രമങ്ങൾ ഉണ്ടാതായി ന്യൂനപക്ഷങ്ങൾക്കായുള്ള മനുഷ്യാവകാശ കോൺഗ്രസ് വെളിപ്പെടുത്തി. ആൾക്കൂട്ട ആക്രമണങ്ങളെത്തുടർന്നുള്ള മരണങ്ങളും ഇക്കൂട്ടത്തിലുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു.

അതേസമയം, ബംഗ്ലാദേശിലെ ഹിന്ദു ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങളെ അഖിലേന്ത്യാ ഷിയ വ്യക്തിനിയമ ബോർഡ് അപലപിച്ചു.

&&&&&&&&&&&&&&&

## WOMENS CRICKET

തിരുവനന്തപുരത്ത് നടന്ന വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ, ശ്രീലങ്കയ്ക്കെതിരെ ഇന്ത്യക്ക് 30 റൺസിന്റെ വിജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 20 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 221 റൺസ് നേടി. ഓപ്പണർമാരായ സ്മൃതി മന്ദന 80 റൺസും ഷഫാലി വർമ്മ 79 റൺസും നേടി. അന്താരാഷ്ട്ര ക്രിക്കറ്റിൽ 10,000 റൺസ് തികച്ച സ്മൃതി മന്ദനയാണ് കളിയിലെ താരം. പരമ്പരയിലെ ആദ്യ നാലു കളികളിലും ഇന്ത്യക്കാണ് വിജയം. അവസാന മത്സരം നാളെ തിരുവനന്തപുരത്ത് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും.

&&&&&&&&&&&&&&&

## IMD-WEATHER

ഉത്തരേന്ത്യയിൽ നാളെയും മറ്റന്നാളും കനത്ത മൂടൽമഞ്ഞിന് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, ഉത്തർപ്രദേശ്, ബിഹാർ എന്നിവിടങ്ങളിൽ ഓറഞ്ച് ജാഗ്രത നൽകി. ഡൽഹി, ഹരിയാന, ചണ്ഡീഗഡ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിൽ ഇന്ന് ശീതതരംഗം ഉണ്ടാകുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതേസമയം, ഡൽഹിയിലെ വായുവിന്റെ ഗുണനിലവാരം ഗുരുതരമായ അവസ്ഥയിൽ തുടരുകയാണ്.

&&&&&&&&&&&&&&&
&&&&&&&&&&&
&&&